**സ്കൂൾ എന്നതല്ല പ്രശ്നം; അറിയേണ്ടതെങ്ങനെ എന്നതിനെക്കുറിച്ച് മാറിച്ചിന്തിച്ച് തുടങ്ങണം. വിദ്യാഭ്യാസം എല്ലാവരും നേടേണ്ട സ്ഥാപിതസംസ്കാരമായി മാറിയിരിക്കുന്നു. ജീവിതത്തിലുണ്ടാകുന്ന അനുഭവം തന്നെയാണ് ഗുരു, അല്ലാതെ അനുഭവത്തിൽ നിന്ന് നമ്മൾ പഠിക്കുകയല്ല. വിദ്യാഭ്യാസത്തെ, അറിവിനെക്കുറിച്ച് വിദ്യാഭ്യാസ പ്രവർത്തകരായ**


**മനീഷ് ജെയ്ൻ / കെ.ബി. ജിനൻ**

# അറിവ് അറിഞ്ഞ് നേടണം

**മനീഷ് ജെയ്ൻ**: സ്കൂൾ വേണോ വേണ്ടയോ എന്നതല്ല വിഷയം. സ്ഥാപനവല്കരിക്കപ്പെടുന്ന വിദ്യാഭ്യാസമാണ് പ്രശ്നം. അഞ്ച് മാനദണ്ഡങ്ങളാണിതിനുള്ളത്. ഒന്ന് കംപാർട്ട്മെന്റിലാക്കലാണ്. അറിവിനെ, ജോലിയെ, പ്രായത്തെ അങ്ങനെ എല്ലാത്തിനെയും വേർതിരിച്ച് നിർത്തിയിരിക്കുകയാണ്. മത്സരമാണ് മറ്റൊരു പ്രശ്നം. മത്സരം താരതമ്യം ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ഇത് എല്ലാ മേഖലയിലും വലുപ്പചെറുപ്പമുണ്ടാക്കുന്നു. നിർബന്ധിത വിദ്യാഭ്യാസമാണടുത്ത പ്രശ്നം. വിദ്യാഭ്യാസം എല്ലാവരും നേടേണ്ട സ്ഥാപിതസംസ്കാരമായി മാറുന്നു. മാത്രമല്ല, ഈ നിർബന്ധം എല്ലാവരും അംഗീകരിക്കുകയും ചെയ്യുന്നു. ഇങ്ങനെ വിദ്യാഭ്യാസം പതുക്കെ കമ്പോളവല്കരിക്കപ്പെടുന്നു. വിദ്യാഭ്യാസം ചില പ്രത്യേകതകളുള്ളവർക്ക്, ചില പ്രത്യേക ഇടങ്ങളിൽ നിന്ന് മാത്രം കിട്ടുന്നതായി മാറി. വിദ്യാഭ്യാസം നേടാത്തവർ ഒഴിവാക്കപ്പെട്ടു. അങ്ങനെ ഏകവിളക്കൃഷി പോലെ വിദ്യാഭ്യാസവും ഒരേ രീതിയിലുള്ള ഉല്പന്നങ്ങളെ സൃഷ്ടിച്ചു. ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന സാഹചര്യങ്ങളിലൂടെ നമ്മൾ നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, വൈവിധ്യങ്ങളില്ലാതെ. ഇതാരും തിരിച്ചറിയുന്നില്ല. അല്ലെങ്കിൽ ഇതെല്ലാം നിയന്ത്രിക്കുന്ന ഒരു സംവിധാനം തിരിച്ചറിയിക്കാൻ നമ്മെ സമ്മതിക്കുന്നില്ല.

പല വിധത്തിൽ വിദ്യാഭ്യാസം നമ്മിൽ വരുത്തുന്ന ദോഷങ്ങളെപ്പറ്റി ജിനന് കുറച്ചു കൂടി നന്നായി സംസാരിക്കാൻ കഴിയും. ഔദ്യോഗിക പാഠ്യപദ്ധതിയെക്കുറിച്ച് മാത്രമാണിവിടെ സംസാരിക്കുന്നത്. പക്ഷെ യഥാർത്ഥത്തിൽ ഗോപ്യമായ ഒരു പാഠ്യപദ്ധതിയുണ്ട്. ഉദാഹരണത്തിന് കുട്ടികളോട് ഇപ്പോൾ പറയുന്നത് ക്ലാസ്സ്റൂമിന്റെ നാലുചുവരുകൾക്കപ്പുറത്തുള്ളതെല്ലാം ആവശ്യമില്ലാത്തതാണെന്നാണ്. അതിനൊന്നും മാർക്കില്ല, അതുകൊണ്ട് പ്രയോജനവുമില്ല. സമൂഹത്തിൽ നടക്കുന്ന മറ്റ് സംഭവങ്ങളൊന്നും അവരറിയുന്നില്ല. ഇത് സാമൂഹ്യവ്യവസ്ഥിതിയിൽ നിലനിൽക്കുന്ന, ചർച്ച ചെയ്യപ്പെടേണ്ട പ്രശ്നമാണ്. മാറേണ്ട മോശം വ്യവസ്ഥിതിയാണിത്.

**കെ.ബി. ജിനൻ**: ഞാൻ പഠനത്തിന്റെ ജീവശാസ്ത്രത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് തുടങ്ങാം. എന്ത് പഠിപ്പിക്കണമെന്നതനുസരിച്ചാണ്, കുട്ടി എന്ത് പഠിക്കണമെന്നതനുസരിച്ചല്ല ഇവിടെ വിദ്യാഭ്യാസത്തിന്റെ രീതി തീരുമാനിക്കപ്പെടുന്നത്. 1970കൾക്ക് ശേഷം ജോലിക്ക് കൂടുതൽ ആളുകളെ വേണ്ടി വന്നപ്പോഴാണ് മെഷീനുകളെപ്പോലെ ജോലി ചെയ്യാൻ ഏറ്റവും നല്ലത് കുട്ടികളാണെന്ന് കണ്ടെത്തുകയും വിദ്യാഭ്യാസം ആ രീതിയിലാക്കിത്തീർക്കുകയും ചെയ്തത്. നമ്മളെല്ലാവരും പഠിക്കാനായി ജനിച്ചതാണ് എന്നതാണ് പഠന



കെ.ബി. ജിനൻ

ത്തിന്റെ അടിസ്ഥാനജീവശാസ്ത്രം. എല്ലാ ജീവനുള്ള വസ്തുക്കളും അനുനിമിഷം പഠിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതത്തിലുണ്ടാകുന്ന അനുഭവം തന്നെയാണ് ഗുരു, അല്ലാതെ അനുഭവത്തിൽ നിന്ന് നമ്മൾ പഠിക്കുകയല്ല. പഠനം പരസ്പരാശയവിനിമയമാണ്. എന്നാൽ കമ്പ്യൂട്ടറും അധ്യാപകരും പാഠപുസ്തകവുമൊന്നും പരസ്പരം ആശയം കൈമാറുന്നില്ല.

യഥാർത്ഥത്തിൽ സ്കൂളിൽ ഒരു കുട്ടി പഠിക്കുന്നത് എങ്ങനെ പഠിപ്പിക്കാമെന്നാണ്. അതുകൊണ്ടാണല്ലോ വീട്ടിൽ വന്നാൽ കുട്ടി ആദ്യം ടീച്ചർ കളിക്കുന്നത്. മുതിർന്നവർ പഠനത്തെ മറ്റ് പ്രവൃത്തികളിൽ നിന്നും മാറ്റി നിർത്തുകയാണ്. എന്നാൽ എല്ലാ ജീവിവർഗ്ഗവും ഒരു പ്രത്യേക കാലഘട്ടത്തിൽ കളിക്കുന്നു. അങ്ങനെയാണ് ആ ജീവി ലോകത്തെ അറിയുന്നത്. നിരക്ഷരരായി ജീവിക്കുന്ന എല്ലാ ഗോത്രവിഭാഗവും അങ്ങനെയാണ് ചെയ്യുന്നത്. അപ്പപ്പോൾ അനുഭവിക്കുന്നതാണ് എല്ലാവരും പഠിക്കുന്നത്. അതായത് പഠനത്തിന്റെ ജീവശാസ്ത്രത്തിൽ അപ്പപ്പോഴുള്ള അനുഭവത്തിനാണ് പ്രാധാന്യം. ഞാൻ ആദിവാസി സമൂഹത്തിനിടയിൽ ജീവിച്ച് അറിയാൻ ശ്രമിക്കുന്നതും അതുതന്നെയാണ്. അവരെങ്ങനെയാണ് കുഞ്ഞുങ്ങളെ വളർത്തുന്നതെന്ന് ഞാൻ മനസ്സിലാക്കാൻ ശ്രമിക്കുന്നു.

**കുട്ടികളോട് ഇപ്പോൾ പറയുന്നത് ക്ലാസ്സ്റൂമിന്റെ നാലുചുവരുകൾക്കപ്പുറത്തുള്ളതെല്ലാം ആവശ്യമില്ലാത്തതാണെന്നാണ്. അതിനൊന്നും മാർക്കില്ല, അതുകൊണ്ട് പ്രയോജനവുമില്ല. സമൂഹത്തിൽ നടക്കുന്ന മറ്റ് സംഭവങ്ങളൊന്നും അവരറിയുന്നില്ല. ഇത് സാമൂഹ്യവ്യവസ്ഥിതിയിൽ നിലനിൽക്കുന്ന, ചർച്ച ചെയ്യപ്പെടേണ്ട പ്രശ്നമാണ്**

**കുട്ടികൾ ആദ്യം മനസ്സിലാക്കുന്നത് രൂപമാണ്, രീതിയാണ്. അവർ വസ്തുക്കൾ എങ്ങനെ ഉണ്ടാക്കുന്നുവെന്ന് പഠിക്കുന്നു. പിന്നീട് ബന്ധങ്ങളെ പഠിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസരീതി ഈ സാഹചര്യങ്ങളെയൊക്കെ ഇല്ലാതാക്കുകയാണ് ചെയ്യുന്നതെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. അതുകൊണ്ട് സ്കൂളുകളെ പുനഃസങ്കല്പിക്കുക എന്നാണ് എനിക്ക് പറയാനുള്ളത്**

മനുഷ്യൻ ആദിമകാലത്ത് പ്രകൃതിയുമായി ബന്ധപ്പെട്ടാണ് ജീവിച്ചത്. എന്നാൽ പതുക്കെ അവന്റെ ഈഗോ അവനെ സ്വയംകേന്ദ്രീകൃതനാക്കി. അങ്ങനെ മനുഷ്യൻ അവനെക്കുറിച്ച് മാത്രം ചിന്തിക്കാൻ തുടങ്ങി, സ്വാർത്ഥനായി. അതായത് മനുഷ്യൻ ജനിക്കുന്നത് സാധ്യതകളുമായാണ്, അല്ലാതെ നിലനിൽക്കുന്ന ഒന്നുമായിട്ടല്ല. ജീവിക്കുന്ന സാഹചര്യമാണ് ഒരാളിൽ അറിവുണ്ടാക്കുന്നത്. രണ്ട് തരത്തിലുള്ള പ്രശ്നങ്ങളാണിത്തരത്തിലൊരു വിദ്യാഭ്യാസം സൃഷ്ടിക്കുന്നത്. ചുറ്റുപാടിനോട് ചേർന്ന് പഠിക്കാനുള്ള നമ്മുടെ സ്വാഭാവികതയെ ഇന്നത്തെ വിദ്യാഭ്യാസരീതി തകർക്കു



മനീഷ് ജെയ്ൻ

കയാണ്. ഇന്നത്തേത് വാക്കുകളുടെ ലോകമാണ്. അവിടെ മനസ്സിലാക്കലുകൾ കുറവാണ്. ബാംഗ്ലൂരിലെ ചേരിയിൽ ജീവിക്കുന്ന കുട്ടികൾ നാലു വയസ്സാകുമ്പോഴേക്കും നാലു ഭാഷകൾ സംസാരിക്കും. അവരെ ആരും പഠിപ്പിച്ചിട്ടല്ല. ഭാഷ പഠിക്കുന്നവർക്ക് ഇത് കഴിയണമെന്നില്ല. കാരണം അവർ ഭാഷയെ സാഹചര്യത്തിനനുസരിച്ച് അറിഞ്ഞല്ല പഠിക്കുന്നത്.

മറ്റൊന്ന് എനിക്ക് തോന്നിയത് കുട്ടികൾ ആദ്യം മനസ്സിലാക്കുന്നത് രൂപമാണ്, രീതിയാണ്. അവർ വസ്തുക്കൾ എങ്ങനെ ഉണ്ടാക്കുന്നുവെന്ന് പഠിക്കുന്നു. പിന്നീട് ബന്ധങ്ങളെ പഠിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസരീതി ഈ സാഹചര്യങ്ങളെയൊക്കെ ഇല്ലാതാക്കുകയാണ് ചെയ്യുന്നതെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. അതുകൊണ്ട് സ്കൂളുകളെ പുന:സങ്കല്പിക്കുക എന്നാണ് എനിക്ക് പറയാനുള്ളത്.



**മനീഷ് ജെയ്ൻ:** ഞാൻ ഇക്കാര്യത്തോട് വിയോജിക്കുന്നു. നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതി നശിക്കട്ടെ. പുതിയതുണ്ടാക്കാനാകണം. ഞങ്ങളതിന് ശ്രമിക്കുന്നത് ചെറിയ അയൽകൂട്ടങ്ങളിലൂടെയാണ്. കാരണം ഈ വ്യവസ്ഥിതിയിൽ ഇത്തരമൊരാശയം നമ്മളാരോട് പറയും. ആർക്കും നിലവിലെ രീതികളോട് എതിർപ്പില്ല, ചില പരാതികൾ മാത്രമാണുള്ളത്. നല്ല അധ്യാപകരില്ല, നല്ല വിദ്യാർത്ഥികളില്ല, അങ്ങനെ പോകുന്നു പരാതികൾ.

വിദ്യാഭ്യാസമെന്നത് ഓരോരുത്തർക്കും വ്യത്യസ്തമാണ്. അതിൽ വൈവിധ്യമുണ്ടാകണം. അതിന് ആദ്യം നമ്മൾ ചെയ്യേണ്ടത്, ഇത്ര കാലം പഠിച്ചതെല്ലാം കളയുക എന്നാണ്. രണ്ട് ക്യാംപയിനുകളാണ് ഞങ്ങൾ ഇതിന് വേണ്ടി തുടങ്ങിയത്. ഒരു വർഷം നിങ്ങൾ സ്വയം പഠിക്കൂ എന്നതാണ് ഒന്ന്. രണ്ടാമത്തേത് ഡിഗ്രി-ഡിപ്ലോമ രോഗത്തിൽ നിന്ന് മുക്തരാകൂ എന്നാണ്. സ്വരാജ് യൂണിവേഴ്സിറ്റി എന്ന ഞങ്ങളുടെ സ്ഥാപനത്തിൽ ഇതാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഇവിടെ വരുന്നവർക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ച് വിഷയം തെരഞ്ഞെടുക്കാം, പഠിക്കാം. ശേഷം ഡിഗ്രിയും ഡിപ്ലോമയുമില്ലാതെ ഇവർക്ക് ജോലി നൽകാൻ തയ്യാറായ 100 സ്ഥാപനങ്ങൾ ഞങ്ങൾ കണ്ടെത്തി. ഡിഗ്രിയും ഡിപ്ലോമയൊന്നുമില്ലാതെ ജോലി ലഭിക്കുമെങ്കിൽ എത്രപേർ പഠിക്കാൻ വരും? ഉദാഹരണത്തിന് 12-ാം ക്ലാസ്സ് പരീക്ഷ ഒരിക്കൽക്കൂടി എഴുതി നോക്കിയാൽ എത്രപേർ പാസ്സാകും? പിന്നെ എന്താണ് നമ്മൾ ഈ 12 കൊല്ലം പഠിച്ചത്?

**ജിനൻ:** പഠിപ്പിക്കുക എന്ന ജോലി മാത്രമാണ് തങ്ങൾ ചെയ്യുന്നതെന്നും അറിവ് പകർന്നുകൊടുക്കകയല്ലെന്നും അധ്യാപകർ മനസ്സിലാക്കണം. ആത്മാർത്ഥമായി ഈ സത്യം അംഗീകരിക്കാൻ തയ്യാറാകണം. നമ്മളെ വിശ്വസിച്ച് വരുന്ന കുട്ടികളെ നമ്മൾ അക്ഷരാർത്ഥത്തിൽ ചതിക്കുകയാണ്.

**മനീഷ് ജെയ്ൻ:** ഡിസ്കൂളിംഗ് ഒറ്റയ്ക്കൊറ്റയ്ക്ക് ചെയ്യുന്നതിനേക്കാൾ ചെറിയ ഗ്രൂപ്പുകളിലായി ചെയ്യുന്നതാണ് നല്ലത്. അങ്ങനെ പഠിക്കുന്ന കുട്ടികൾ ഒറ്റപ്പെടുന്നുവെന്ന് തോന്നുന്നത് അവരുടെ സാമൂഹ്യസാഹചര്യം വ്യത്യസ്തമാകുന്നതുകൊണ്ടായിരിക്കാം. നിലവിലെ സ്കൂൾ സംവിധാനത്തിൽ നിന്നും മാറി നിന്ന് വളരുന്ന, പഠിക്കുന്ന കുട്ടിക്ക് സാമൂഹ്യബന്ധങ്ങളെക്കുറിച്ച് കൂടുതൽ അറിയാൻ കഴിയും.

**സ്കൂളുകളിൽ സ്വാതന്ത്ര്യം തടയപ്പെടുന്നു. ഏകാധിപത്യമാണ് ഇന്നത്തെ വിദ്യാഭ്യാസത്തിലുള്ളത്. സ്വയം അറിഞ്ഞെങ്കിൽ മാത്രമേ ഒരു കുട്ടി സാഹചര്യങ്ങളെ നേരിടാൻ പഠിക്കൂ. അറിയാതെ ഒരിക്കലും അറിവിലെത്താൻ കഴിയില്ല. ആ സാധ്യതകൾ തരുന്ന ഒന്നായിരിക്കണം വിദ്യാഭ്യാസം**

**ജിനൻ:** സ്കൂളുകളിൽ സ്വാതന്ത്ര്യം തടയപ്പെടുന്നു. ഏകാധിപത്യമാണ് ഇന്നത്തെ വിദ്യാഭ്യാസത്തിലുള്ളത്. സ്വയം അറിഞ്ഞെങ്കിൽ മാത്രമേ ഒരു കുട്ടി സാഹചര്യങ്ങളെ നേരിടാൻ പഠിക്കൂ. ഒരു ആദിവാസി സ്ത്രീ തന്റെ കുഞ്ഞിനോട് കത്തി എടുക്കുമ്പോൾ വേണ്ട എന്ന് പറയില്ല. കത്തി ഉപയോഗിച്ചാൽ മാത്രമേ ആ കുഞ്ഞ് ശ്രദ്ധിക്കാൻ പഠിക്കൂ. കുട്ടികളെ പഠിപ്പിക്കാൻ അനുവദിക്കുക. അവരുടെ മുന്നിൽ നമ്മുടെ അറിവും ഏകാധിപത്യവും മാറ്റിവെച്ച് അവരിൽ നിന്ന് പഠിക്കുക. അറിയാതെ ഒരിക്കലും അറിവിലെത്താൻ കഴിയില്ല. ആ സാധ്യതകൾ തരുന്ന ഒന്നായിരിക്കണം വിദ്യാഭ്യാസം.

**മനീഷ് ജെയ്ൻ:** സാമൂഹ്യപ്രവർത്തകരാണിത്തരത്തിലൊരാശയം വ്യാപിപ്പിക്കേണ്ടത്. കാരണം നിലവിലെ വിദ്യാഭ്യാസരീതിയുടെ പ്രശ്നങ്ങൾ അവരാണാദ്യം തിരിച്ചറിയേണ്ടത്. സ്കൂൾ എന്നതല്ല പ്രശ്നം; അറിയേണ്ടതെങ്ങനെ എന്നതിനെക്കുറിച്ച് മാറിച്ചിന്തിച്ച് തുടങ്ങണം. അറിവെന്നത് അറിഞ്ഞ് നേടേണ്ടതാണന്ന് തിരിച്ചറിയണം.

(തയ്യാറാക്കിയത്: സബ്ന)